പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5214 | 23-05-2017-ലെ മറുപടിയ്ക്ക്

# ഇടവിള കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എം.ഷാജി** | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇടവിള കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (എ) | 2017-18-ലെ നാളികേര വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന 'കേരഗ്രാമം' എന്ന ഉപപദ്ധതിയിൽ തെങ്ങിൻ തോട്ടത്തിൽ ഇടവിള കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നു. ഇടവിള കൃഷിയ്ക്കുണ്ടാകുന്ന ആകെ ചിലവിന്റെ 50% പരമാവധി ഹെക്ടറിന് 6,000/- രൂപയാണ് ധനസഹായം നൽകുന്നത്. വാഴ, കിഴങ്ങുവർഗ്ഗ വിളകൾ, ഇഞ്ചി, മഞ്ഞൾ മുതലായ വിളകൾ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്.<br><br>കൂടാതെ ഹരിത കേരള മിഷന്റെ ഭാഗമായി കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന 'സുജലം സുഫലം' പദ്ധതിയിൽ സമഗ്ര നാളികേര പുരയിട കൃഷി ഒരു ഘടകമാണ്. ഇതോടൊപ്പം റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | ഏതൊക്കെ വിളകളാണ് ഇടവിള കൃഷിയായി നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | തെങ്ങിൻ തോട്ടങ്ങളിലും പുരയിടങ്ങളിലും പ്രധാന വിളകളുടെ ഇടയിലുള്ള പ്രദേശത്ത് ഭാഗികമായി ലഭിക്കുന്ന സൂര്യപ്രകാശത്തിലും തണലിലും വളരുവാൻ അനുയോജ്യമായ വിളകളാണ് ഇടവിള കൃഷിയ്ക്ക് തെരഞ്ഞെടുക്കുന്നത്. വാഴ, കിഴങ്ങുവർഗ്ഗ വിളകൾ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, പച്ചക്കറിയിനങ്ങൾ, കൈതച്ചക്ക, ജാതി, കൊക്കോ, ഗ്രാമ്പു എന്നിവ കേരളത്തിൽ ഇടവിള കൃഷിയായി കൃഷി ചെയ്തുവരുന്നു. |

| | |
|---|---|
| **(സി)** ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | **(സി)** കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും, റബ്ബർ ബോർഡും നടത്തിയ വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇടവിള കൃഷിയുടെ പദ്ധതികൾ നടപ്പിലാക്കുന്നത്. |
| **(ഡി)** ഇടവിള കൃഷി ആദായകരമാക്കുന്നതിനും ഇത്തരം ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ? | **(ഡി)** അനുയോജ്യമായ വിളകൾ തെരഞ്ഞെടുത്തും ശാസ്ത്രീയ കൃഷിമുറകൾ അവലംബിച്ചും ഇടവിള കൃഷി ആദായകരമാക്കാവുന്നതും ഇതിനുള്ള സാങ്കേതിക സഹായം കൃഷി ഭവൻ മുഖേന ലഭിക്കുന്നതുമാണ്.<br><br>കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിപണികളിൽ ആഴ്ചതോറും ഉല്പന്നലേലം സംഘടിപ്പിക്കാറുണ്ട്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ടി വിപണികളിൽ നേരിട്ടോ ഗ്രൂപ്പുകൾ മുഖേനയോ എത്തിച്ച് ന്യായവില ഉറപ്പാക്കാവുന്നതാണ്.<br><br>കൂടാതെ വി.എഫ്.പി.സി.കെ-യുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സ്വാശ്രയ കർഷക വിപണികൾ മുഖേനയും കർഷകരുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**